(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പദ്ധതിയേതര ചെലവിൽ വരുത്തിയ കുറവ്

1 [1008] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2003-2004 വർഷത്തിൽ പദ്ധതിയേതര ചെലവുകൾക്ക് നീക്കി വച്ച തുക എത്രയാണ്;

(ബി) ഇത് മുൻവർഷത്തേതിൽ നിന്നും എത്രമാത്രം വ്യത്യാസപ്പെട്ടിരിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതിയേതര ചെലവ് ഇനത്തിൽ തൻവർഷം ചെലവായ തുക എത്രയാണ്;

(ഡി) പദ്ധതിയേതര ചെലവിൽ ഏതെല്ലാം ഇനങ്ങളിലാണ് തൻവർഷം കുറവ് വരുത്തിയതെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇത്തരത്തിൽ കുറവ് വരുത്തുന്നതിനുള്ള കാരണമെന്തെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2003-2004 വർഷത്തിൽ പദ്ധതിയേതര ചെലവുകൾക്കായി 17172.13 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

(ബി) ഇത് മുൻവർഷത്തെ ബഡ്ജറ്റ് വിഹിതത്തേക്കാൾ 1439.15 കോടി രൂപ കൂടുതലാണ്.

(സി—ഇ) നടപ്പു സാമ്പത്തികവർഷത്തെ അന്തിമ കണക്കുകൾ ലഭ്യമായിട്ടില്ല.

പദ്ധതി-പദ്ധതിയേതര ചെലവുകൾക്ക് ബഡ്ജറ്റിൽ നിർദ്ദേശിച്ചിരുന്ന തുകയിലെ വെട്ടിച്ചുരുക്കൽ

2 [1009] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-2004 സാമ്പത്തിക വർഷത്തിൽ പദ്ധതി ചെലവുകൾക്കും പദ്ധതിയേതര ചെലവുകൾക്കും ബഡ്ജറ്റിൽ നിർദ്ദേശിച്ചിരുന്ന തുകയിൽ സർക്കാർ എന്തെങ്കിലും വെട്ടിച്ചുരുക്കൽ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) 2003 ഡിസംബർ 31 വരെ ആരോഗ്യം, കൃഷി, വനം, ഫിഷറീസ്, ജലസേചനം, കുടിവെള്ളം, ഗതാഗതം എന്നീ മേഖലകളിൽ പദ്ധതി നിർദ്ദേശത്തിന്റെ എത്ര ശതമാനം തുക ചെലവഴിക്കപ്പെട്ടുകഴിഞ്ഞു എന്ന് വ്യക്തമാക്കുമോ; ഈ ചെലവുകൾ പദ്ധതി ലക്ഷ്യത്തിന് അനുസരിച്ചാണോ എന്നും അല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) 2003-2004 സാമ്പത്തിക വർഷത്തിൽ നികുതി ഇനത്തിൽ വിവിധ വകുപ്പുകളിൽ നിന്നും എത്ര തുക വീതം സമാഹരിക്കുവാൻ കഴിഞ്ഞു എന്നും ഇത് കഴിഞ്ഞ 2 വർഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ എപ്രകാരമാണെന്നും കണക്കുകൾ ഉദ്ധരിച്ച് അറിയിക്കാമോ;

(ഡി) നികുതി പിരിവിന്റെ കാര്യത്തിൽ കേരളത്തിലെ സ്ഥിതി നടപ്പു വർഷത്തിൽ കാര്യക്ഷമമാണെന്ന് കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണമെന്താണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇപ്പോൾ തീരുമാനിച്ചിട്ടില്ല.

(ബി)

മേഖല	ശതമാനം
ആരോഗ്യം	13
കൃഷി	36
വനം	50
ഫിഷറീസ്	30
ജലസേചനം	62
ഗതാഗതം	
റോഡുഗതാഗതം	50
ജലഗതാഗതം	16

പദ്ധതി ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ചിട്ടുള്ളതായി കാണുന്നില്ല.

(സി) 31-11-2003 വരെയുള്ള താൽക്കാലിക കണക്കുകൾ മാത്രമേ അക്കൗണ്ടന്റ് ജനറൽ ക്രോഡീകരിച്ചിട്ടുള്ളൂ. അന്തിമകണക്കുകൾ ലഭിച്ചാൽ മാത്രമേ വിലയിരുത്താൻ സാധിക്കുകയുള്ളൂ.

(ഡി) അന്തിമ കണക്കുകൾ ഇപ്പോൾ ലഭ്യമല്ല.

വരുമാനത്തിന്റെ വളർച്ചാ നിരക്ക്

3 [1010] ശ്രീ. കെ. എ. ചന്ദ്രൻ:
,, എൻ. ഡി. അപ്പച്ചൻ:
,, എം. എ. ചന്ദ്രശേഖരൻ:

ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ടു വർഷത്തെ സംസ്ഥാനത്തിന്റെ വരുമാനത്തിന്റെ വളർച്ചാ നിരക്ക് തൃപ്തികരമാണോ;

LIBRARY ARCHIVES Kerala Legislative Assembly